രജിസ്ട്രേഷൻ വകുപ്പിന്റെ പുന:സംഘടന

49(1525) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പുന:സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ബി) രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സബ് രജിസ്ട്രാർമാരുടെ ആഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം നടന്നുവരികയാണ്. കൂടാതെ തെരഞ്ഞെടുക്കുന്ന 68 ആഫീസുകളിൽ എം.ജി.പി.-യുടെ ഭാഗമായുള്ള സേവനപ്രദാന പദ്ധതി നടപ്പിലാക്കാനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതിന് നടപടി

50(1526) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുദ്രപ്പത്രക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില കുറഞ്ഞ മുദ്രപ്പത്രങ്ങൾ കിട്ടാത്തത് കാരണം വില കൂടുതലുള്ള മുദ്രപ്പത്രങ്ങൾ ഉപയോഗിക്കുന്നത് പാവപ്പെട്ടവർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വ്യാജമുദ്രപ്പത്രം രാജ്യത്ത് പ്രചരിച്ചതിനാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പുതിയ വ്യവസ്ഥകൾ പ്രകാരം പുതിയ രീതിയിൽ മുദ്രണം ചെയ്ത ചെറിയ

LIBRARY ARCHIVES Kerala Legislative Assembly